(ബി) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ C-WET (NIWE))-ന്റെ സഹായത്തോടുകൂടി നടത്തിയ പഠനത്തിൽ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ 82 മെഗാവാട്ട് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാൻ സാധിക്കുമെന്ന് കണ്ടെത്തുകയുണ്ടായി.

(സി) ഉണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ 1-6-2014-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി എൻ.എച്ച്.പി.സി. തയ്യാറാക്കിയ DPR (Detailed Project Report) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തി പുതുക്കി നൽകുന്നതിനായി എൻ.എച്ച്.പി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം DPR പുതുക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഒന്നാംഘട്ടത്തിൽ 82 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയിലെ അഗളി, ഷോളയൂർ, കതിരംപതി, കവുണ്ടിക്കൽ, കോട്ടത്തറ, നല്ലസിംഗം, ഒമ്മല, ഷോളയൂർ എന്നീ പ്രദേശങ്ങളാണ് പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്.

ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

51(2039) ശ്രീ. പി. എ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം കിളികൊല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ 31000-ത്തോളം ഉപഭോക്താക്കളും കോർപ്പറേഷനും, പഞ്ചായത്തുകളും ഉൾപ്പെടുന്ന ഓഫീസിന്റെ പ്രവർത്തനമേഖല വിഭജിച്ച് കിളികൊല്ലൂർ, കരിക്കോട് എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

നിലവിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കീ.മി.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. കിളികൊല്ലൂർ സെക്ഷൻ ഓഫീസ് വിഭജിച്ച് കരിക്കോട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടാത്തതിനാൽ കരിക്കോട് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

അണക്കെട്ടുകളുടെ നവീകരണം

52(2040) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത അണക്കെട്ടുകളുടെ നവീകരണത്തിന് ലോകബാങ്കിന്റെ സഹായത്തോടെ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം അണക്കെട്ടുകളുടെ നവീകരണത്തിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് ; എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കുമോ ;

(സി) ഫണ്ട് അനുവദിക്കുന്നതിന് ലോക ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; എന്നാണ് പദ്ധതി ആരംഭിക്കേണ്ടിയിരുന്നത് ;

(ഇ) ലോകബാങ്ക് വ്യവസ്ഥ പ്രകാരം എത്ര വർഷംകൊണ്ടാണ് പദ്ധതി പൂർത്തീകരിക്കേണ്ടതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. Dam Rehabilitation and Improvement Project (DRIP).

(ബി)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ലോകബാങ്ക് അനുവദിച്ച തുക(മില്യൻ അമേരിക്കൻ ഡോളർ)
(1)	(2)	(3)
I	ഡാം റീഹാബിലിറ്റേഷൻ വർക്ക്	
1	ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	7.2
2	ശബരിഗിരി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	5.52
3	ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്	1.63

LIBRARY ARCHIVES Kerala Legislative Assembly